മോട്ടോർവാഹന വകുപ്പിന്റെ നവീകരണം

28 (*178) ശ്രീ. എം. പി.വിൻസെന്റ് :
ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിലെ ഫീസുകൾ ഒടുക്കുന്നതിന് പോസ്റ്റാഫീസുമായി ലിങ്ക് ചെയ്യുമോ ;

(സി) ഓൺ ലൈൻ സേവനങ്ങൾ നടപ്പിലായതിനുശേഷം വകുപ്പിന്റെ വരുമാനം എത്ര കണ്ട് വർദ്ധിച്ചിട്ടുണ്ട്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(ബി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കിയത് വരുമാന വർദ്ധനവ് ഉദ്ദേശിച്ചല്ല. ഇടനിലക്കാരെ ഒഴിവാക്കി പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മോട്ടോർ വാഹനവകുപ്പിൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്.

മത്സ്യസമൃദ്ധി പദ്ധതി

29 (*179) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള മത്സ്യസമൃദ്ധി രണ്ടാംഘട്ട പദ്ധതി വിശദമാക്കുമോ;

(ബി) ഇതിന്റെ ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തെന്നും എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാനായി എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുക്കളക്കുളം-മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മൻഗണന നൽകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) മത്സ്യസമൃദ്ധി II-ന്റെ ഭാഗമായി പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതി കാലയളവിൽ (2015-18) ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷങ്ങളിലായി 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലെയും തെരഞ്ഞെടുത്ത പൊതുജലാശയങ്ങളിൽ ഗുണമേന്മയുള്ള മത്സ്യവിത്ത് നിക്ഷേപിക്കുന്നതുവഴി ഓരോ വർഷവും 1500 ടൺ അധിക മത്സ്യ ഉല്പാദനമാണ് പ്രതീക്ഷിക്കുന്നത്.

(ബി) പദ്ധതിയുടെ ഒന്നാം വർഷത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 50 സൈറ്റുകളിലായി വിവിധ ഇനത്തിൽപ്പെട്ട 72.31 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ആകെ നിക്ഷേപിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിനടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഗഡുവായി 3 ലക്ഷം രൂപയാണ് ഓരോ ജില്ലയ്ക്കും അനുവദിച്ച് നൽകിയിട്ടുള്ളത്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

ജില്ല	ആദ്യഗഡുവായി അനുവദിച്ച തുക	വിത്ത് നിക്ഷേപിച്ച സൈറ്റുകളുടെ എണ്ണം	നിക്ഷേപിച്ച ആകെ മത്സ്യവിത്തിന്റെ എണ്ണം
1	2	3	4
തിരുവനന്തപുരം	3,00,000	5	487000
കൊല്ലം	3,00,000	5	783258
പത്തനംതിട്ട	3,00,000	4	980160
ആലപ്പുഴ	3,00,000	3	559000
കോട്ടയം	3,00,000	4	490000
ഇടുക്കി	3,00,000	4	556800
എറണാകുളം	3,00,000	3	374184
തൃശ്ശൂർ	3,00,000	3	508660
പാലക്കാട്	3,00,000	3	512682
മലപ്പുറം	3,00,000	3	485994
കോഴിക്കോട്	3,00,000	3	185480

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
വയനാട്	3,00,000	3	263619
കണ്ണൂർ	3,00,000	3	506944
കാസർഗോഡ്	3,00,000	4	537400
ആകെ	42,00,000	50	7231181

(സി) 2012-15 കാലയളവിൽ വിജയകരമായി നടപ്പിലാക്കിയ മത്സ്യസമൃദ്ധി 1-ാം ഘട്ട പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അടുക്കളക്കുളം-മത്സ്യകൃഷി പദ്ധതി മത്സ്യസമൃദ്ധി II പദ്ധതിയിലും കൂടുതൽ ആനുകൂല്യം നൽകി നടപ്പിലാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. മത്സ്യസമൃദ്ധി II പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്ത് ആകെ 6000 യൂണിറ്റ് അടുക്കളക്കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം വർഷം (2015-16) 1500 യൂണിറ്റും രണ്ടാം വർഷം (2016-17) 2000 യൂണിറ്റും മൂന്നാം വർഷം (2017-18) 2500 യൂണിറ്റും അടുക്കളക്കുളങ്ങൾ നടപ്പിലാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് സെന്റ് വരെയുള്ള കുളങ്ങളെയാണ് അടുക്കളക്കുളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1 സെന്റിന് 1,000 രൂപ സബ്സിഡി നിരക്കിൽ (പരമാവധി 2,500 രൂപ) ആണ് കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നത്.

തീരദേശ കപ്പൽ ഗതാഗത പദ്ധതി

30 (*180) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ്

LIBRARY ARCHIVES Kerala Legislative Assembly